**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ,**
**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം**

(ഹാജർ: ശ്രീ. ബിജു പ്രഭാകർ ഐ.എ.എസ്)

വിഷയം - കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റുമാരുടെ പത്തനംതിട്ട ജില്ലയിലേയ്ക്കുള്ള സ്ഥലംമാറ്റം ഉത്തരവാകുന്നത്- സംബന്ധിച്ച്.

പരാമർശം- 1. ഈ ഓഫീസിലെ ഉത്തരവ് നമ്പർ എസ്.ഇ(3)36754/16 തീയതി 01.11.2016.
2. ശ്രീമതി.കുമാരി തങ്കം, കൃഷി അസിസ്റ്റന്റിന്റെ 07.11.2016, 14.11.2016 എന്നീ തീയതികളിലെ അപേക്ഷ.
3. ശ്രീതി.ഷീനാ.എസ്, കൃഷി അസിസ്റ്റന്റിന്റെ അപേക്ഷ.
4. പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കത്ത് നം.ഇ(1)11383/16 തീയതി 08.12.16.

**ഉത്തരവ് നമ്പർ എസ്.ഇ(3)36754/16 തീയതി 02.01.2017**

പരാമർശം (1)പ്രകാരം ശ്രീമതി. കുമാരി തങ്കം, കൃഷി അസിസ്റ്റന്റിനെ തിരുവനന്തപുരം ജില്ലയിൽ നിന്നും എറണാകുളം ജില്ലയിലേക്ക് താല്ക്കാലികമായി സ്ഥലം മാറ്റിയിരുന്നു. പരാമർശം (2) പ്രകാരം എറണാകുളം ജില്ലയിലെ കുമ്പളം കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റ് ശ്രീമതി.കുമാരി തങ്കം ടി സ്ഥലം മാറ്റത്തിൽ നിന്നും ഒഴിവാക്കണമെന്നും അല്ലാത്തപക്ഷം കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നിയമനം നൽകണമെന്നും അപേക്ഷിച്ചിട്ടുണ്ട്. പരാമർശം (3) പ്രകാരം ശ്രീമതി.ഷീനാ.എസ്, കൃഷി അസിസ്റ്റന്റ് മരുതോൻകര കൃഷി ഭവൻ, കോഴിക്കോട് ജില്ല, പത്തനംതിട്ട ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്.

പരാമർശം (4)പ്രകാരം പത്തനംതിട്ട ജില്ലയിൽ കൃഷി അസിസ്റ്റന്റുമാരുടെ 2 ഒഴിവുകൾ ഉള്ളതായി പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ എറണാകുളം ജില്ലയിലെ കൃഷി അസിസ്റ്റന്റ് ശ്രീമതി. കുമാരി തങ്കം, കോഴിക്കോട് ജില്ലയിലെ മരുതോൻകര കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റ് ശ്രീമതി.ഷീനാ.എസ് എന്നിവരെ പത്തനംതിട്ട ജില്ലയിലെ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിലേക്കായി പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അലോട്ട് ചെയ്ത് ഉത്തരവാകുന്നു.

പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ ടി കൃഷി അസിസ്റ്റന്റുമാർക്ക് ഉചിതമായ നിയമന ഉത്തരവ് നൽകേണ്ടതാണ്. നിയമന ഉത്തരവ് ലഭിച്ച ശേഷം മാത്രമേ ബന്ധപ്പെട്ട കൃഷി ഓഫീസർ ടി കൃഷി അസിസ്റ്റന്റുമാരെ വിടുതൽ ചെയ്യാൻ പാടുള്ളൂ. നിയമന ഉത്തരവിന്റെ പകർപ്പ് അയക്കുന്നതോടൊപ്പം വിടുതൽ/ പ്രവേശന തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. ടി ഉദ്യോഗസ്ഥർ ആവശ്യപ്പെട്ട നിയമനമായതിനാൽ ജോലിയിൽ പ്രവേശിക്കുന്നതിന് സമയപരിധി ഉണ്ടായിരിക്കുന്നതല്ല.

(ഒപ്പ്)

**ഡയറക്ടർ**

**കാർഷിക വികസന കർഷകക്ഷേമ വകുപ്പ്**

ബന്ധപ്പെട്ട ജീവനക്കാർക്ക് (മേലധികാരി മുഖേന)

പകർപ്പ് -

1.പ്രിൻസിപ്പൽ കൃഷി ഓഫീസർ,പത്തനംതിട്ട, എറണാകുളം, കോഴിക്കോട്.

2.സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്.

3.എസ്.ഇ(3) സെക്ഷൻ

4.കരുതൽ/സ്പെയർ

P.A. SAINUDEEN
SENIOR SUPERINTENDENT
DIRECTORATE OF AGRICULTURE
VIKASBHAVAN,
THIRUVANANTHAPURAM

എഫ്.എസ്.16 ടൈപ്പ്14.12.16